23 ഫെബ്രുവരി 2012

Founder Editor : K. Sukumaran B. A.

കേരളകൗമുദി

www.keralakaumudi.com

101 വർഷങ്ങൾ നാല് തലമുറകൾ

വ്യാഴം 1187 കുംഭം 10 | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | കൊച്ചി | തൃശൂർ | കോഴിക്കോട് | കണ്ണൂർ | ബാംഗ്ലൂർ പേജ് 14+4 വില ₹ 4.00

കണ്ണീർപൊട്ടുകൾക്ക് കാടിൻ കെണിയിൽനിന്ന് മോചനം

വയനാട് വന്യജീവി സങ്കേതത്തിൽ കുടുങ്ങിയവരെ പുനരധിവസിപ്പിക്കാൻ കേന്ദ്രപദ്ധതി നടപ്പാവുന്നു

ബി.വി. പവനൻ

തിരുവനന്തപുരം : വയനാട് വന്യജീവി സങ്കേതത്തിലെ കൊടുംകാടുകൾക്കുള്ളിൽ നാലു ദശാബ്ദത്തോളമായി പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാതെ കുടുങ്ങിക്കഴിയുന്ന പന്തീരായിരത്തിലേറെ മനുഷ്യർക്ക് ഒടുവിൽ മോചനമാവുന്നു.

കാടിന് പുറത്ത് ഇവരെ കൊണ്ടുവന്ന് പുനരധിവസിപ്പിക്കാനുള്ള ബഹുദ് പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുമതി നൽകി. തുടക്കമെന്ന നിലയ്ക്ക് കോളൂർ, അമ്മവയൽ എന്നീ ഗ്രാമങ്ങളിലെ 55 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 5.5 കോടി രൂപ കേന്ദ്ര വനം, പരിസ്ഥിതി വകുപ്പ് സംസ്ഥാന സർക്കാരിന് കൈമാറിക്കഴിഞ്ഞു. മാർച്ച് 31 നുള്ളിൽ ഇവരുടെ പുനരധിവാസം പൂർത്തിയായാൽ ബാക്കി ഗ്രാമങ്ങൾക്കുള്ള 74.5 കോടി രൂപ കൂടി സംസ്ഥാനത്തിന് കൈമാറുമെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഇനി ഒരു നിമിഷം വൈകാതെ പദ്ധതി പ്രാവർത്തികമാക്കാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഇന്നലെ വനംവകുപ്പിന് നിർദ്ദേശം നൽകി.

കൗമുദി impact

എലിക്കെണിയിലെന്നപോലെ കാട്ടിനുള്ളിൽ കുടുങ്ങിക്കിടക്കുന്ന ഈ മനുഷ്യരുടെ ദയനീയ കഥ 'കേരളകൗമുദി' പുറത്തുകൊണ്ടുവന്നിരുന്നു. ജനുവരി 9 മുതൽ 12 വരെ പ്രസിദ്ധീകരിച്ച 'കാടിൻ കെണിയിലെ കണ്ണീർ പൊട്ടുകൾ' എന്ന പരമ്പരയെത്തുടർന്ന് പുനരധിവാസ പദ്ധതിയിലെ അഴിയാക്കുരുക്കുകൾ ഒന്നൊന്നായി അഴിയുകയായിരുന്നു. മുഖ്യമന്ത്രി പ്രത്യേക താത്പര്യമെടുക്കുകയും കേന്ദ്ര സംസ്ഥാന വനം വകുപ്പുകൾ ഉണർന്നു പ്രവർത്തിക്കുകയും ചെയ്തതോടെ പദ്ധതി യാഥാർത്ഥ്യമായി. തീവ്ര വന്യജീവി ആവാസ കേന്ദ്രമായി ഈ മേഖലയെ പ്രഖ്യാപിച്ചിട്ടില്ല എന്നതായിരുന്നു ഏറ്റവും ഒടുവിലത്തെ പ്രധാന തടസങ്ങളിലൊന്ന്. അതിനുള്ള മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കേണ്ട കേന്ദ്ര വനം വകുപ്പ് അത് ചെയ്യാതെയായിരുന്നു തടസവാദമുന്നയിച്ചത്. പരമ്പരയിൽ കേരളകൗമുദി ഇത് ചൂണ്ടിക്കാണിച്ചിരുന്നു. തുടർന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയും ആ ഉപാധിതന്നെ വേണ്ടെന്ന് വയ്ക്കുകയും ചെയ്തു.

344 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വയനാട് വന്യജീവി കേന്ദ്രത്തിൽ പത്തും ഇരുപതും കിലോമീറ്റർ കാട്ടിനുള്ളിൽ അവിടവിടെയായി 110 ഗ്രാമങ്ങളാണ് ചിതറിക്കിടക്കുന്നത്. 1973-ൽ വയനാട് വന്യജീവി കേന്ദ്രമായി ഈ കാടുകൾ പ്രഖ്യാപിക്കപ്പെട്ടതോടെ തലമുറകളായി വനത്തിനുള്ളിൽ കൃഷിചെയ്തു കഴിഞ്ഞിരുന്ന ആദിവാസികൾ ഉൾപ്പടെയുള്ള ജനങ്ങൾ സ്വന്തം ഭൂമിയിൽ അന്യോർത്ഥികളായി. ഭൂമിയുടെ ഉടമസ്ഥാവകാശം നഷ്ടപ്പെട്ടു എന്നു മാത്രമല്ല റോഡ്, വൈദ്യുതി, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി സർവവും നിഷേധിക്കപ്പെട്ടു. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും വിജയിച്ചുമില്ല. 1986-ൽ ഇവരെ ഉടൻ പുനരധിവസിപ്പിക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. കാൽ നൂറ്റാണ്ടു കഴിഞ്ഞിട്ടും അതും നടന്നില്ല. ദീർഘമായ ആ കാത്തിരിപ്പിനാണ് ഇപ്പോൾ അവസാനമാകുന്നത്.

പത്തു ലക്ഷം രൂപ വീതം ഒരോ കുടുംബത്തിനും നഷ്ടപരിഹാരം നൽകുന്നതാണ് ഇപ്പോഴത്തെ പദ്ധതി. ചെലവ് പൂർണമായും കേന്ദ്രം വഹിക്കും. ഇതിനിടെ സംസ്ഥാനവും ഒരു ഗ്രാമം പുനഃരധിവസിപ്പിക്കാൻ തീരുമാനമുണ്ടായി. അതിനുള്ള ഒൻപതരക്കോടി രൂപ സംസ്ഥാനം സ്വരൂപിക്കുന്നതു വൈകിയതോടെ കേന്ദ്രപദ്ധതി നടപ്പാവുന്നതും വൈകുമോ എന്ന ആശങ്ക ഉണ്ടായി. മാർച്ച് 31 നകം കേന്ദ്ര ഫണ്ട് ചെലവഴിച്ചില്ലെങ്കിൽ തുക ലാപ്സാവും. ഇന്നലെ വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ.ബാദുഷയും വയനാട് വന്യജീവി കേന്ദ്രം കർഷകസമിതി സെക്രട്ടറി പട്ടമന തോമസും മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ അതിനും പരിഹാരമായി. സംസ്ഥാന പദ്ധതി പിന്നാലെ നടപ്പാക്കാം, കേന്ദ്രപദ്ധതി ഉടൻ നടപ്പാക്കാൻ മുഖ്യമന്ത്രി നിർദ്ദേശം നൽകി.

ആനച്ചൂരുള്ള കാനനപാത കടന്ന്...

കേരളകൗമുദി പ്രസിദ്ധീകരിച്ച 'കാടിൻ കെണിയിലെ കണ്ണീർപൊട്ടുകൾ' എന്ന പരമ്പരയാണ് ഈ മനുഷ്യരുടെ മോചനത്തിനു വഴിയൊരുക്കിയത്



പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിലെ താമര പർണ്ണശാലയിലെ പ്രകാശവിന്യാസത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിച്ചപ്പോൾ

ഇറ്റാലിയൻ സംഘത്തിന്റെ ഉപാധി

നഷ്ടപരിഹാരം നൽകാം; ഇന്ത്യയിൽ കേസ് പാടില്ല

വിട്ടുവീഴ്ച ഇല്ലെന്ന് ഇന്ത്യ

തിരുവനന്തപുരം: മത്സ്യത്തൊഴിലാളികൾ വെടിയേറ്റു മരിച്ചതുമായി ബന്ധപ്പെട്ട് രണ്ട് നാവികർക്കെതിരെയുള്ള കേസിന്റെ കാര്യത്തിൽ തർക്കം തുടരവേ ഇറ്റാലിയൻ സംഘം സംഭവത്തിൽ ഖേദം പ്രകടിപ്പിക്കുകയും കോടതി വിധിക്കുന്ന നഷ്ടപരിഹാരം നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

ഇന്നലെ ഡി.ജി.പി ജേക്കബ് പുന്നൂസുമായി ഇറ്റാലിയൻ കോൺസൽ ജനറൽ ജിയാം പാലെ കുടില്ലോയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം നടത്തിയ കൂടിക്കാഴ്ചയിലാണ് നഷ്ടപരിഹാരം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചത്. തങ്ങളെ ആക്രമിക്കാനെത്തിയ കടൽക്കൊള്ളക്കാരെയാണ് ഭടന്മാർ വെടിവച്ചതെന്ന മുൻ നിലപാടിൽനിന്ന് ഇറ്റാലിയൻ സംഘം അയയുകയും ചെയ്തു. അപ്രതീക്ഷിതമായ അപകടമായിരുന്നുവെന്നും മരണത്തിൽ ഖേദം പ്രകടിപ്പിക്കുന്നുവെന്നും കോൺസൽ ജനറൽ പറഞ്ഞു.

എന്നാൽ ഇന്ത്യയിൽ കേസും വിചാരണയും പാടില്ലെന്ന നിലപാടിൽ തന്നെ ഇറ്റാലിയൻ സംഘം ഉറച്ചുനിന്നു.

സംഭവത്തെക്കുറിച്ച് ഇറ്റലി ജുഡിഷ്യൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അതുപ്രകാരം കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കും.

ഇന്ത്യയുടെ സമുദ്രാതിർത്തിയിലല്ല വെടിവയ്പ് നടന്നതെന്നും അതിനാൽ അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസരണമായി വേണം വിചാരണയെന്നും ഇറ്റാലിയൻ സംഘം ആവശ്യപ്പെട്ടു. എന്നാൽ രണ്ട് ഭടൻമാർ റിമാൻഡിലായതോടെ ഈ വാദം കോടതി തള്ളിയെന്ന് ഡി.ജി.പി ജേക്കബ് പുന്നൂസ് ഇറ്റാലിയൻ സംഘത്തെ അറിയിച്ചു. മത്സ്യത്തൊഴിലാളികൾ വെടിയേറ്റു മരിച്ചത് ഇന്ത്യൻ അതിർത്തിയിലാണ്. അതിനാൽ ഇന്ത്യൻ നിയമപ്രകാരം കേസ് മുന്നോട്ടുപോകും. ഇക്കാര്യത്തിൽ ഇറ്റാലിയൻ ഉദ്യോഗസ്ഥർക്ക് പറയാനുള്ളതെല്ലാം ഹൈക്കോടതിയിൽ പറയാമെന്നും ഡി.ജി.പി പറഞ്ഞു.

ഇറ്റാലിയൻ നാവികസേനയുടെ തോക്ക് കണ്ടെത്താൻ കപ്പലിൽ തെരച്ചിൽ നടത്തരുതെന്നും ആവശ്യമെങ്കിൽ സംയുക്ത അന്വേഷണമാകാമെന്നും ഇറ്റാലിയൻ സംഘം പറഞ്ഞു. തെളിവെടുപ്പ് കഴിഞ്ഞതിനാൽ കോടതി നിർദ്ദേശപ്രകാരം ഭടൻമാരെ ജയിലിലേക്ക് മാറ്റിയാൽ അവർക്ക് പ്രത്യേക സുരക്ഷയും സൗകര്യങ്ങളും നൽകണമെന്ന് ഇറ്റാലിയൻ സംഘം ആവശ്യപ്പെട്ടു. ഈ ആവശ്യം കോടതിയിൽ ഉന്നയിക്കാമെന്ന് ഡി.ജി.പി അറിയിച്ചു.

കോൺസൽ ജനറൽ ജിയാം പാലെ കുടില്ലോ, മിലിട്ടറി അറ്റാഷെ ഫ്രാങ്കോ ഫേവർ എന്നിവരും ഇറ്റലിയിൽ നിന്നെത്തിയ രണ്ട് നാവികസേനാ അഡ്മിറൽമാരുമടങ്ങിയ ആറംഗ സംഘമാണ് ഡി.ജി.പിയെ കണ്ടത്. എ.ഡി.ജി.പിമാരായ ടി.പി. സെൻകുമാർ, ചന്ദ്രശേഖരൻ എന്നിവരും സന്നിഹിതരായിരുന്നു.

ഇന്നലെ ഡൽഹിയിൽ ഇറ്റാലിയൻ വിദേശകാര്യ സഹമന്ത്രി സ്റ്റഫാൻ ദി മിസ്തൂരയും ഇന്ത്യൻ വിദേശകാര്യ സഹമന്ത്രി പ്രണീത് കൗറും തമ്മിൽ നടത്തിയ നയതന്ത്ര ചർച്ചയിലും കേസ് നടത്തിപ്പിന്റെ കാര്യത്തിൽ ഭിന്നത രൂക്ഷമായിരുന്നു.

സംഭവം നടന്നത് അന്താരാഷ്ട്ര സമുദ്രാതിർത്തിയിലാണെന്നും അതിനാൽ ഇന്ത്യൻ നിയമം ബാധകമല്ലെന്നുമുള്ള വാദമാണ് സ്റ്റഫാൻ മിസ്തൂരയും ഉന്നയിച്ചത്. ഇന്ത്യൻ നിയമം അനുസരിച്ചുള്ള നടപടികൾ തുടരുമെന്ന് വ്യക്തമാക്കിയതായി പ്രണീത്കൗർ പിന്നീട് മാദ്ധ്യമങ്ങളെ അറിയിച്ചു.

ചർച്ചയിൽ ചില കാര്യങ്ങളിൽ ധാരണയായെന്നാണ് മിസ്തൂര മാദ്ധ്യമങ്ങളോട് പറഞ്ഞത്. കൗർ ഇത് നിഷേധിച്ചു.

കപ്പൽ ഉടമ 25 ലക്ഷം രൂപ ബാങ്ക് ഗാരന്റി നൽകണം

ഇറ്റാലിയൻ വിദേശ സഹമന്ത്രി കോട്ടയത്ത്
പേജ് 11

വാലന്റൈന്റെ ഭാര്യയ്ക്ക് സർക്കാർ ജോലി നൽകും

തിരുവനന്തപുരം: കടലിൽ വെടിയേറ്റുമരിച്ച വാലന്റൈന്റെ ഭാര്യയ്ക്ക് ഫിഷറീസ് വകുപ്പിൽ ജോലി നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മരിച്ച രണ്ടാമത്തെയാൾ തമിഴ്നാട്ടുകാരനാണ്. സാമ്പത്തികസഹായം ഉൾപ്പെടെയുള്ള കാര്യത്തിൽ സർക്കാർ അലംഭാവം കാട്ടില്ല. വാലന്റൈന്റെ വീട്ടിൽ പോയപ്പോൾ ഇളയമകൻ തന്നോട് അഭ്യർത്ഥിച്ച പ്രകാരമാണ് ജോലി നൽകുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു.

പിറവം വോട്ടെടുപ്പ് മാർച്ച് 17ന്

കെ.ആർ. രാജഗോപാൽ ബി.ജെ.പി സ്ഥാനാർത്ഥി

പിറവം: അഡ്വ. കെ.ആർ. രാജഗോപാലാണ് പിറവത്തെ ബി.ജെ.പി സ്ഥാനാർത്ഥി. ഇന്ന് പത്രിക സമർപ്പിക്കും.

തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി കളക്ടർ എസ്. ഷാനവാസ് ഇന്നലെ മണ്ഡലത്തിലെത്തി പ്രാഥമിക പരിശോധന നടത്തി. വോട്ടർപട്ടികയിൽ പേരു ചേർക്കാൻ ലഭിച്ച അപേക്ഷകൾ 25 നകം തീർപ്പാക്കും. 29ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിരീക്ഷകർ ഇന്ന് മണ്ഡലത്തിൽ പര്യടനം ആരംഭിക്കും.

കാലാവസ്ഥ 34.8 - 22.8

സ്വർണം
8 ഗ്രാം 20,920
ഒരു ഗ്രാം 2615

വിനിമയം
ഡോളർ 48.35 - 48.96
പൗണ്ട് 76.10 - 77.10
ദിർഹം 12.74
കുവൈറ്റ്ദിനാർ 160.55

www.facebook.com/keralakaumudi

തലവര

പാമോയിൽ കേസ്: തനിക്ക് ഒന്നും മറയ്ക്കാനില്ലെന്ന് ഉമ്മൻചാണ്ടി

...നിനക്കിനിയിക്കഥ മറക്കുവാനേ കഴിയൂ....

17ലെ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾ 26ന്

തിരുവനന്തപുരം: പിറവം ഉപതിരഞ്ഞെടുപ്പ് മാർച്ച് 17ലേക്ക് മാറ്റിയതിനാൽ അന്നത്തെ എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി പരീക്ഷകൾ മാർച്ച് 26ന് നടത്തുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു.

ന്യൂഡൽഹി: പിറവം നിയമസഭാ ഉപതിരഞ്ഞെടുപ്പ് മാർച്ച് 17ന് നടത്താൻ തിരഞ്ഞെടുപ്പ് കമ്മിഷൻ തീരുമാനിച്ചു. നേരത്തേ മാർച്ച് 18ന് നടത്താൻ നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് മാറ്റണമെന്ന് സർവകക്ഷി യോഗത്തിൽ ആവശ്യമുയർന്നതിനെ തുടർന്നാണിത്. വോട്ടെണ്ണലും ഫലപ്രഖ്യാപനവും നേരത്തേ പ്രഖ്യാപിച്ചതുപോലെ 21ന് നടക്കും.

18ന് ഞായറാഴ്ച തിരഞ്ഞെടുപ്പ് നടത്തുന്നത് അസൗകര്യമാണെന്ന് യു.ഡി.എഫ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷനെ അറിയിച്ചിരുന്നു. ഇതേ തുടർന്ന് സർവകക്ഷി യോഗം വിളിച്ച് അഭിപ്രായം അറിയാൻ കമ്മിഷൻ സംസ്ഥാന തിരഞ്ഞെടുപ്പ് ഓഫീസർക്ക് നിർദ്ദേശം നൽകി. ഇന്നലെ തിരുവനന്തപുരത്ത് നടന്ന സർവകക്ഷി യോഗത്തിൽ യു.ഡി.എഫും എൽ.ഡി.എഫും 17ന് തിരഞ്ഞെടുപ്പ് നടത്തുന്നതിനോട് യോജിച്ചു. ബി.ജെ.പിയും എതിർത്തില്ല. ബി.എസ്.പി മാത്രമാണ് എതിർത്തത്. ഭൂരിപക്ഷ അഭിപ്രായം കണക്കിലെടുത്ത് വോട്ടെടുപ്പ് 17ലേക്ക് മാറ്റിക്കൊണ്ട് ഇന്നലെ രാത്രിയാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ വിജ്ഞാപനം പുറപ്പെടുവിച്ചത്.

ഈമാസം 29 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. മാർച്ച് ഒന്നിന് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി മാർച്ച് മൂന്നാണ്.

തിരുവനന്തപുരത്ത് രാവിലെ 10.30നാണ് വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികളുടെ യോഗം മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വിളിച്ചുചേർത്തത്. മാർച്ച് 17ലേക്ക് തിരഞ്ഞെടുപ്പ് തീയതി മാറ്റണമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷനോട് ആദ്യമേ രേഖാമൂലം തങ്ങൾ ആവശ്യപ്പെട്ടതാണെന്ന് യു.ഡി.എഫ് കൺവീനർ പി.പി. തങ്കച്ചൻ പറഞ്ഞു. 17ന് നടക്കേണ്ട പരീക്ഷ മാറ്റിവയ്ക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടതായും അദ്ദേഹം പറഞ്ഞു.

18ന് വോട്ടെടുപ്പ് നടത്തുന്നത് ക്രൈസ്തവ വിശ്വാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ 17ലേക്ക് മാറ്റണമെന്ന് പൊതുവിൽ ആവശ്യമുയർന്നിട്ടുണ്ടെന്ന് സി.പി.എം നിയമസഭാകക്ഷി ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

ചില മതങ്ങളുടെ ആവശ്യം നോക്കി തീയതി മാറ്റുന്നത് ശരിയല്ലെന്ന് വാദിച്ച ബി.ജെ.പി പ്രതിനിധി പക്ഷേ തിരഞ്ഞെടുപ്പ് കമ്മിഷൻ എടുക്കുന്ന ഏത് തീരുമാനവും അംഗീകരിക്കുമെന്ന് വ്യക്തമാക്കി.

തലേക്കുന്നിൽ ബഷീർ, സി. ദിവാകരൻ, പന്ന്യൻ രവീന്ദ്രൻ, വി. സുരേന്ദ്രൻ പിള്ള, അഡ്വ. ജെ. ആർ. പദ്മകുമാർ, കെ.എസ്. പ്രദീപ്കുമാർ, എം.സി. മായിൻ ഹാജി, വർക്കല രവികുമാർ തുടങ്ങിയവർ വിവിധ കക്ഷികളെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്തു.

അതേസമയം, നാമനിർദ്ദേശപത്രിക സമർപ്പണം ആരംഭിച്ച ഇന്നലെ പിറവത്ത് ആരും പത്രിക നൽകിയില്ല.

റിട്ടേണിംഗ് ഓഫീസർ ഇ. ആർ. ശോഭന, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ എം. അരവിന്ദാക്ഷൻനായർ എന്നിവരുടെ ഓഫീസുകളിലാണ് പത്രിക സമർപ്പിക്കാൻ സൗകര്യമൊരുക്കിയത്. രാവിലെ 11 മുതൽ ഉച്ചയ്ക്ക് മൂന്നു വരെയാണ് സമയം. പാമ്പാക്കുടബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലാണ് പത്രിക സമർപ്പിക്കേണ്ടത്.

ഇടതുവലതു മുന്നണി സ്ഥാനാർത്ഥികൾ പത്രിക സമർപ്പിക്കുന്ന ദിവസം തീരുമാനിച്ചിട്ടില്ല.

പദ്മനാഭസ്വാമി ക്ഷേത്രത്തിലെ സി, ഡി നിലവറ: സുപ്രീംകോടതി ഉത്തരവ് ഇന്ന്

ന്യൂഡൽഹി: ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ സി, ഡി നിലവറകൾ തുറക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് വിദഗ്ദ്ധ സമിതി സുപ്രീംകോടതിയിൽ അപേക്ഷ നൽകി. ക്ഷേത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സബ്കോടതി ഇടപെടുന്നത് സംബന്ധിച്ച് ഇന്ന് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിക്കും.

സബ്കോടതി പൂട്ടി മുദ്രവച്ചിരിക്കുന്ന സി, ഡി നിലവറകളിലെ സാധനങ്ങളുടെ കണക്കെടുപ്പ് നടത്താൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് വിദഗ്ദ്ധ സമിതി ചെയർമാൻ ഡോ. എം.വി. നായർ സുപ്രീംകോടതിയെ സമീപിച്ചത്. ഫെബ്രുവരി 15ന് മുമ്പായിരുന്നെങ്കിൽ നിലവറകൾ തുറക്കാൻ സമിതിക്ക് സബ്കോടതിയെ നേരിട്ട് സമീപിക്കാമായിരുന്നു എന്നാൽ 15ന് സുപ്രീംകോടതിയിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട കേസ് പരിഗണിക്കവേ ഒരേസമയം രണ്ട് കോടതികൾ ക്ഷേത്ര കാര്യങ്ങളിൽ ഇടപെടുന്നതും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും ശരിയല്ലെന്ന നിരീക്ഷണം വന്നിരുന്നു. ഈ സാഹചര്യത്തിൽ സബ്കോടതിയിൽ അനുമതി തേടുന്നതിൽ കാര്യമില്ലെന്ന് നിയമോപദേശം ലഭിച്ചതിനെ തുടർന്നാണ് സുപ്രീംകോടതിയിൽ അപേക്ഷ നൽകാൻ തീരുമാനിച്ചത്.

സ്വകാര്യവത്കരണം അനുവദിക്കില്ല: സമരസമിതി

കൊച്ചി: പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാൻ കേന്ദ്രസർക്കാരിനെ അനുവദിക്കില്ലെന്നതാണ് 28 ലെ ദേശീയ പണിമുടക്കിന്റെ പ്രധാന മുദ്രാവാക്യമെന്ന് സംയുക്ത ട്രേഡ് യൂണിയൻ സംസ്ഥാന സമിതി നേതാക്കൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം മുഴുവൻ പാവപ്പെട്ട തൊഴിലാളികളിൽ ചാരി, കുത്തകകളെ സഹായിക്കുകയാണ് കേന്ദ്ര സർക്കാരെന്ന് സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി എം.എം. ലോറൻസ് പറഞ്ഞു. ഇങ്ങനെ പോയാൽ അനിശ്ചിതകാല സമരവും പരിഗണിക്കുമെന്ന് ഐ.എൻ.ടി.യു.സി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ പറഞ്ഞു.

വേർപാടിന്റെ എട്ടാം വർഷം
(23.02.2012)

ഡി. ചന്ദ്രഹാസൻ (Rtd. V.S.S.C.)
ഗുരുപാദം, കുഴിവിള. Ph : 9400039378

"സ്നേഹിച്ച് കൊതി തീരുംമുൻപ് വിട്ടുപിരിഞ്ഞ
ഞങ്ങളുടെ സർവ്വസ്വമേ!"
ദൈവമേ, നിന്റെ സായൂജ്യം പരേതാത്മാവിനേകണേ!
ദുഃഖിതരായ, ഭാര്യ : എൽ. സുലോചന,
മക്കൾ : സി.എസ്. സീന, സി.എസ്. സീമ,
മരുമക്കൾ : എസ്. പ്രദീപ്കുമാർ, കെ.ബി. സുഹാസ്.
ചെറുമക്കൾ : സിപ്പികൃഷ്ണ, ശില്പചന്ദന, അശ്വന്ത്, അക്ഷയ.

ചില്ലറ വ്യാപാരരംഗത്തെ വിദേശ കടന്നുകയറ്റത്തിനെതിരായി കേരള വ്യാപാരി വ്യവസായി ഏകോപനസമിതി പ്രവർത്തകർ പ്രസിഡന്റ് ടി. നസുറുദ്ദീൻ, ഡോ. ജയപ്രകാശ്, പി.എ.എം. ഇബ്രാഹിം എന്നിവരുടെ നേതൃത്വത്തിൽ പാർലമെന്റിലേക്കു നടത്തിയ മാർച്ച് റിപ്പോർട്ട് പേജ് 9